LIBRARY ARCHIVES Kerala Legislative Assembly

കൽപ്പറ്റ ജനറൽ ആശുപത്രിയിലെ ഒഴിവുള്ള തസ്തികകൾ

76(2544) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ജനറൽ ആശുപത്രിയിൽ അനുവദനീയമായ തസ്തികകൾ എത്രയെന്ന് വെളിപ്പെടുത്തുമോ ; ഓരോ തസ്തികയിലും ജോലി ചെയ്യുന്നവർ, നിലവിലുള്ള ഒഴിവുകൾ എന്നിവ എത്രയെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിവുള്ള തസ്തികകൾ നികത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഫയൽ നമ്പർ സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രി കൈനാട്ടിയിലുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ ജനറൽ ആശുപത്രിയിൽ അനുവദിക്കപ്പെട്ട 54 തസ്തികകളിൽ 4 എണ്ണം മാത്രമാണ് ഒഴിഞ്ഞുകിടക്കുന്നത് വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും അപേക്ഷയോ ശിപാർശയോ ലഭ്യമായിട്ടില്ല.

(സി) കൈനാട്ടിയിലുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നിർമ്മാണം പൂർത്തിയായാലുടൻ പുതിയ കെട്ടിടത്തിലേക്ക് ആശുപത്രി മാറ്റുന്നതാണ്.

കാസർഗോഡ് ജില്ലാ ആശുപത്രികളിലെ സേവനങ്ങൾ

77(2545) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിലായി എത്ര ആംബുലൻസുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) രോഗികൾക്കായി ആംബുലൻസ് വിട്ടുനൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.